**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. ഷാംകുമാർ ബി.എ., ശ്രീ. ജയകൃഷ്ണൻ. പി എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA. 1649/2016 നമ്പർ കേസിൽ 13.12.2017 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം. 644/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 08.03 .2018

പരാമർശം : 1) കൊച്ചി നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. ജയകൃഷ്ണൻ പി. സർക്കാരിൽ സമർപ്പിച്ച 23.07.2016 തീയതിയിലെ നിവേദനം.

2) ഒ.എ. 1649/2016 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 13.12.2017 തീയതിയിലെ വിധിന്യായം.

3) നഗരകാര്യ ഡയറക്ടറുടെ 14.02.2018 തീയതിയിലെ ഇ 4- 18004/2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊച്ചി നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. ജയകൃഷ്ണൻ പി. സർക്കാരിൽ സമർപ്പിച്ച പരാമർശം 1 അപേക്ഷ പ്രകാരം ടിയാൻ 2011 മുതൽ കൊച്ചി നഗരസഭയിൽ തുടർന്നുവരുന്നതായും കൊച്ചി നഗരസഭയിൽ നിലവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 20-ൽപ്പരം ഒഴിവുകൾ ഉള്ളതാണെന്നും തന്നെക്കാൾ കൂടുതൽ സർവ്വീസുള്ളവർ കൊച്ചി നഗരസഭയിൽ തുടർന്നുവരുന്നതാണെന്നും, ആയതിൽ തന്നെ മൂവാറ്റുപുഴ നഗരസഭയിൽ നിയമിച്ച നടപടി റദ്ദുചെയ്ത് കൊച്ചി നഗരസഭയിൽ തിരികെ നിയമിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ടിയാൾ ഫയൽ ചെയ്ത ഒ.എ. 1649/2016 നമ്പർ കേസിൽ 13.02.2017-ലെ വിധിന്യായപ്രകാരം കൊച്ചി നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. ജയകൃഷ്ണൻ.പി സർക്കാരിൽ സമർപ്പിച്ച A6 നിവേദനത്തിൽ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3-ലെ റിപ്പോർട്ട് പ്രകാരം കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ

സേവനമനുഷ്ഠിച്ചുവരവെ ശ്രീ. ഷാംകുമാർ ബി.എ., ശ്രീ. ജയകൃഷ്ണൻ പി. എന്നിവരെ 22.07.2016 ലെ ഇ.4- 16367/16 നമ്പർ ഉത്തരവ് പ്രകാരം മൂവാറ്റുപുഴ നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിനെതിരെ ടിയാളുകൾ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1649/16 കേസിന്റെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാർ കൊച്ചി നഗരസഭയിൽ തുടർന്നുവരികയായിരുന്നു. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയിൽ സേവനത്തിൽ തുടരുന്ന ശ്രീ. ജയകൃഷ്ണൻ. പി എന്ന ജീവനക്കാരനെ നിലവിൽ കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ 20-ൽ അധികം ഒഴിവുകളുള്ള സാഹചര്യത്തിൽ, കൊച്ചി നഗരസഭയിൽത്തന്നെ നിലനിർത്താവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. നഗരകാര്യ ഡയക്ടറുടെ റിപ്പോർട്ട് പ്രകാരം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ നിലവിൽ ഒഴിവ് നിലനിൽക്കുന്ന സാഹചര്യത്തിലും ശ്രീ. ജയകൃഷ്ണൻ ടി നഗരസഭയിൽ തുടർന്നുവരുന്ന സാഹചര്യത്തിലും ടിയാനെ കൊച്ചി നഗരസഭയിൽ നിലനിർത്തുന്നതിന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 13.12.2017-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വി. എസ്. സന്തോഷ്,**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. ജയകൃഷ്ണൻ. പി. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കൊച്ചി നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**